Pl/16/2016

ജസെബൽ രാജ്ഞിയുടെ പ്രതികാരം ഭയന്ന് ഏലിയാപ്രവാചകൻ പലായനം ചെയ്യുകയായിരുന്നു. നാല്പതു രാവും നാല്പതു പകലും നടന്ന് അദ്ദേഹം കർത്താവിന്റെ മലയായ ഹൊറേബിലെത്തി. അവിടെ ഒരു ഗുഹയിലിരിക്കെ കർത്താവിനെ ഒരു മൃദുസ്വരത്തിൽ പ്രവാചകൻ തിരിച്ചറിഞ്ഞു. ഡമാസ്ക്കസിലെയ്ക്കു മടങ്ങാനും അവിടെ സിറിയാ രാജാവായി ഹബാലിനെയും ഇസ്രായേൽ രാജാവായി യേഹുവിനെയും അഭിഷേകം ചെയ്യാനും കർത്താവ് ഏലിയോട് നിർദ്ദേശിച്ചു. "ഷാഫാത്തിന്റെ മകൻ എലിഷായെ നിനക്കു പകരം പ്രവാചകനായി അഭിഷേകം ചെയ്യുക" എന്ന കല്പനയും കർത്താവു നൽകി. 12 ഏർ കാളകൾ ഉഴുതുകൊണ്ടിരുന്ന ഒരു വയലിൽ പന്ത്രണ്ടാം നിരയിൽ ഉഴുതുകൊണ്ടിരുന്ന എലിഷായെ ഏലിയാ കണ്ടെത്തി. ഏലിയാ അയാളുടെ സമീപത്തുകൂടെ കടന്നുപോകുമ്പോൾ തന്റെ മേലങ്കി അവന്റെ മേൽ ഇട്ടു. ഉഴു നിർത്തി എലിഷാ ഏലിയായുടെ പിന്നാലെ ഓടിച്ചെന്നു പറഞ്ഞു: "മാതാപിതാക്കളോടു യാത്ര പറഞ്ഞിട്ട് ഞാൻ അനുഗമിക്കാം." "പൊയ്ക്കൊള്ളു! ഞാൻ നിന്നോട് എന്തുചെയ്തു?" എന്ന് പ്രവാചകൻ മറുപടി കൊടുത്തു. എലിഷാ മടങ്ങിച്ചെന്ന് ഒരേർ കാളയെ കൊന്ന് കലപ്പ കത്തിച്ച് മാംസം വേവിച്ച് ജനത്തിനുകൊടുത്തശേഷം ഏലിയായുടെ ശിഷ്യനായിത്തീർന്നു.

ഏതുനേരത്തും വന്നുചേരാവുന്ന ഒരു "ഉപരിവിളി"യെ പ്രതീക്ഷിച്ചുകൊണ്ടാണ് എലിഷായുടെ നില്പ് എന്നു തോന്നുന്നു. പ്രവാചകനായ ഏലിയായെ എലിഷാ ഇതിനുമുമ്പ് നേരിൽക്കണ്ടതായ സൂചനകൾ വിശുദ്ധഗ്രന്ഥത്തിലില്ല. ഇസ്രായേലിന്റെ മുഖമുദ്രയും രക്ഷാകവചവുമായ ഏകദൈവവിശ്വാസത്തിൽ യഹൂദവംശജരെ പഴുതില്ലാത്തവിധം ഉറപ്പിച്ചുനിർത്താൻ പ്രവാചകനായ ഏലിയാ നടത്തുന്ന യത്നങ്ങളെക്കുറിച്ച് തീർച്ചയായും എലിഷായ്ക്ക് അറിവുണ്ടായിരിക്കണം. ഉഴുതുമുന്നേറുമ്പോൾ തന്റെമേൽ വന്നുവീഴുന്ന മേലങ്കി താൻ പ്രതീക്ഷിച്ചിരുന്ന വിളിയായി തിരിച്ചറിഞ്ഞ് എല്ലാമുപേക്ഷിച്ച് പ്രവാചകന്റെ പിന്നാലെ ഇറങ്ങിത്തിരിക്കുന്ന എലിഷാ അദ്ഭുതമുളവാക്കുന്നു. "തന്നാൽ നിർവ്വഹിക്കപ്പെടേണ്ട സത്കർമ്മങ്ങൾക്കായി സൃഷ്ടിക്കപ്പെട്ട"വനാണ് താനെന്ന ബോധം എലിഷായിൽ ജ്വലിച്ചുനിന്നിരുന്നുവെന്നു കരുതാം. എലിഷായെ ഏലിയായും മുന്നേ അറിഞ്ഞിരുന്നില്ല. മാനസികമായി ഒരേ "വേവ് ലെംഗ്"തിൽ സഞ്ചരിക്കുന്ന രണ്ടു മനുഷ്യരുടെ കണ്ടുമുട്ടൽ ഇവിടെ വയൽവരമ്പത്ത് നടക്കുകയാണ്. ഈ ലോകത്തിന്റെ വിജ്ഞാനമല്ല ഇവിടെ പ്രവർത്തിക്കുന്നത്. "കണ്ണുകൾ (മുമ്പു) കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സു ഗ്രഹിക്കുകയോ ചെയ്തിട്ടില്ലാ"ത്ത (1കോറി. 2:9) തിരിച്ചറിവാണ് ഇവിടെ സംഭവിക്കുന്നത്.

നമ്മിലോരോരുത്തരിലേയ്ക്കുമെത്തുന്ന വിളികളെക്കുറിച്ച് നമ്മൾ അദ്ഭുതപ്പെടേണ്ടതുണ്ട്. ദൈവത്തിന്റെ അനന്യമായ കരവേലയാണ് ഓരോ മനുഷ്യനും എന്നതിനാൽ അവനുള്ള ദൈവവിളിയിലും ഈ അനന്യമായ സവിശേഷത കാണാനാവും. നമ്മുടെ ഓരോരുത്തരുടെയും സ്വന്തം ദൈവവിളിയുടെ വഴിയേ ഒന്ന് പിറകോട്ടു സഞ്ചരിച്ചാൽ നമുക്കീ വസ്തുത മനസ്സിലാകും. ഉല്പത്തിപ്പുസ്തകത്തിൽ മനുഷ്യൻ പൂർണ്ണനാകുന്നത്

രണ്ടാമതൊരു മെനയലിലാണ്. ജറെമിയാപ്രവാചകനെ കർത്താവ് കുശവന്റെ പണിശാലയ്ക്കുമുമ്പിൽ കൊണ്ടുനിർത്തിയ രംഗമോർക്കുക. കളിമൺപാത്രം ഉടച്ചുവാർക്കുന്ന കുശവനെ കാണിച്ചുകൊണ്ട് അവിടുന്നു ജറെമിയായോടു പറഞ്ഞു: "ഇസ്രായേൽഭവനമേ, കുശവന്റെ കയ്യിലെ മൺപാത്രം പോലെയാണ് എന്റെ കയ്യിൽ നിങ്ങൾ" (ജറെ. 18:6). കാരുണ്യവർഷത്തിന്റെ സമാപനശേഷം ഫ്രാൻസിസ് മാർപാപ്പാ Misericordia e Miseria എന്ന പേരിൽ എഴുതിയ എഴുത്തിൽ, ഓരോ മനുഷ്യനും നിർവ്വഹിക്കുന്ന കാരുണ്യപ്രവൃത്തിയെ "handcrafted" എന്നാണ് വിശേഷിപ്പിക്കുന്നത്. കരകൗശല ഉല്പന്നങ്ങളുടെ പ്രത്യേകത ഒന്നും മറ്റൊന്നിനെപ്പോലിരിക്കില്ല എന്നതാണ്. ദൈവത്തിന്റെ ഏതു സൃഷ്ടിക്കും അപൂർവ്വതയുടെ ഒരു സ്പർശം കാണും. നമ്മുടെ കാര്യം തന്നെ ഓർത്തുനോക്കാം: നമ്മൾ ഒപ്പിടുന്നവരാണ്, പലകാര്യങ്ങളുടെയും അടിയിൽ. ഈ "തുല്യം ചാർത്ത"ലിന് ഒരു സ്ഥിരഭാവമുണ്ടെന്നല്ലേ നമ്മുടെ കരുതൽ? എല്ലാ ഒപ്പും ഒരേ രീതിയിലാവണമെന്നും പലരീതികളിൽ ഒപ്പിടാൻ പാടില്ലാ എന്നുമാണല്ലോ പൊതുധാരണ. പക്ഷേ, ഒരാളുടേതെന്നു കരുതുന്ന രണ്ടൊപ്പുകൾ എല്ലാ അംശങ്ങളിലും തുല്യമായിരിക്കുന്നെങ്കിൽ (identical) ഒരൊപ്പ് യഥാർത്ഥത്തിലുള്ളതും മറ്റേത് വ്യാജനിർമ്മിതവുമെന്നു കരുതുന്നതാണ് യുക്തി എന്നൊരു തിയറിയുണ്ട്. ഒപ്പ് "കരകൗശല"മാകുമ്പോൾ അറിയാതെ ഓരോന്നിനും ഒരു അനന്യത വന്നു ചേരുന്നു! ദൈവത്തിൽനിന്നു വരുന്നതാകയാൽ ഓരോ വിളിയും വ്യത്യസ്തവും വിശേഷവിധിയായതുമാകുന്നുവെന്ന് ഓർത്തുവയ്ക്കാം.

എന്തു സംഭവിച്ചാലും പൂർവ്വാശ്രമത്തിലേയ്ക്കു ഒരു തിരിച്ചുവരവ് ഇല്ല എന്ന വ്യക്തമായ സൂചന നൽകുന്നതാണ് വിളിയോടുള്ള എലിഷായുടെ പ്രതികരണം. പുതിയനിയമത്തിലെ ആദ്യത്തെ നാലു ശിഷ്യന്മാരുടെ വിളിയെക്കുറിച്ചു പറയുന്ന സുവിശേഷഭാഗവുമായി മേല്പ്പറഞ്ഞതിനുള്ള സാമ്യം ശ്രദ്ധിക്കുക. യേശു ഗലീലി കടൽത്തീരത്തു നടക്കുമ്പോൾ വല വീശിക്കൊണ്ടിരുന്ന പത്രോസ് എന്നു വിളിക്കപ്പെടുന്ന ശിമയോനെയും സഹോദരൻ അന്ത്രയോസിനെയും കണ്ടു. അവൻ അവരോടു പറഞ്ഞു: "എന്നെ അനുഗമിക്കുക. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം". തത്ക്ഷണം അവർ വലകളുപേക്ഷിച്ച് അവനെ അനുഗമിച്ചു. സഹോദരന്മാരായ യാക്കോബിനെയും യോഹന്നാനെയും അവൻ വിളിച്ചു. "തത്ക്ഷണം അവർ വഞ്ചി ഉപേക്ഷിച്ച് പിതാവിനെയുംവിട്ട് അവനെ അനുഗമിച്ചു". മത്സ്യസമൃദ്ധിയുള്ള കടലിൽ വലയെറിഞ്ഞിട്ട് ഒന്നും കിട്ടാതെ തിരിച്ചുവരുന്ന അനുഭവങ്ങൾ പല ആവർത്തി കണ്ടനുഭവിച്ചവരാണ് മനുഷ്യരെ പിടിക്കാമെന്നു കേൾക്കുമ്പോൾ എലിഷായെപ്പോലെ, ഇതേവരെ ഉപജീവനമാർഗ്ഗമായ തൊഴിലിനോടു വിടപറഞ്ഞ് പിന്നാലെ പോകുന്നത്! അർത്ഥവ്യാഖ്യാനം ചമയ്ക്കാൻ പ്രയാസമുള്ള സാഹചര്യങ്ങളിൽനിന്ന് തനിക്കുള്ള വിളിയെ വേർതിരിച്ച് എടുക്കുന്നത് കാണുമ്പോൾ അദ്ഭുതപ്പെടുകതന്നെ വേണം. മറ്റെന്തുചെയ്തുകൊണ്ടിരിക്കുമ്പോഴും "അരക്കച്ച അരയോടു ചേർന്നിരിക്കുന്നതുപോലെ" (ജറെ. 13:11) കർത്താവിന്റെ പ്രമാണവഴികളോട് ചേർന്നാണ് ഇവരുടെ മാനസികസഞ്ചാരം. ദൈവവിളിയുടെ പിഞ്ചെൽ നല്ല അർത്ഥത്തിൽ ഒരു"ഒരുപ്പോക്കാ"യിരിക്കണം, മടക്കമറിയാത്ത പുറപ്പാടായിരിക്കണം എന്ന് ഇത്തരം മനുഷ്യർ നമ്മെ പഠിപ്പിക്കുന്നുണ്ട്. "കവിതയിലേയ്ക്കു നടന്നെത്താൻ കഴിയില്ല; വീഴാനേകഴിയൂ" എന്നു പറഞ്ഞ കവിതന്നെ (കല്പറ്റ നാരായണൻ) എഴുതിയിട്ടുണ്ട്: "എന്തുചെയ്തുകൊണ്ടിരുന്നപ്പോഴും അറിയാതെ ചെയ്തുകൊണ്ടിരുന്നത്; ഈ വരിയിലെത്താനാണ് ഞാനീവഴിയത്രയും നടന്നത്"–ഇത് ഞാനോർത്തുപോകുന്നു.

എലിഷാ ഏലിയാപ്രവാചകന്റെ പിൻഗാമിയാകുന്ന രീതി ആലോചനാമൃതമാണ്. കർത്താവാണ്, ഏലിയായല്ല, എലിഷായെ ഏലിയായുടെ പിൻഗാമിയായി തിരഞ്ഞെടുക്കുന്നത്. നീണ്ടവർഷങ്ങൾ എലിഷാ ഏലിയായുടെ കൂടെ നിരന്തരം സഞ്ചരിക്കുന്നുണ്ട്. “നീയായിരിക്കും എന്റെ പിൻഗാമി” എന്നൊന്നും അദ്ദേഹം എലിഷായോടു പറഞ്ഞില്ല.സ്വർഗ്ഗത്തിലേയ്ക്കു എടുക്കപ്പെടാൻ സമയമായപ്പോൾ എലിഷായെവിട്ട് ഒറ്റയ്ക്കുപോകാൻ പ്രവാചകൻ ശ്രമിക്കുന്നുണ്ട്. അപ്പോഴെല്ലാം നിർബന്ധബുദ്ധിയോടെ എലിഷാ വിട്ടുമാറാതെ കൂടെ നില്ക്കുകയാണ്. പ്രവാചകന് അവസാനം ചോദിക്കേണ്ടിവരുന്നു: “നിന്നിൽനിന്ന് എടുക്കപ്പെടുന്നതിനുമുമ്പ് ഞാനെന്താണു ചെയ്തുതരേണ്ടത്”? “അങ്ങയുടെ ആത്മാവിന്റെ ഇരട്ടിപ്പങ്ക് എനിക്കു ലഭിക്കട്ടെ” എന്നാണ് എലിഷാ മറുപടി നൽകുന്നത്. “ദുഷ്കരമായ കാര്യമാണ് നീ ചോദിക്കുന്നത്. എങ്കിലും ഞാനെടുക്കപ്പെടുന്നത് നീ കാണുകയാണെങ്കിൽ നിനക്കതു ലഭിക്കും. കണ്ടില്ലെങ്കിൽ ലഭിക്കുകയില്ല” (2 രാജാ. 1:12) എന്നാണ് ഏലായായുടെ മറുപടി. “ഇരട്ടിപ്പങ്ക്”എന്നു പറയുന്നത് പ്രഥമജാതനുള്ള പങ്കാണ് (നിയമാ. 21:17). താനല്ല അതു തീരുമാനിക്കുന്നതെന്നും അത് ഉന്നതങ്ങളിലെ തീരുമാനമാണെന്നുമാണ് പ്രവാചകൻ വെളിപ്പെടുത്തുന്നത്. എന്തെന്നാൽ, “ദൈവത്തിൽനിന്നല്ലാതെ അധികാരമില്ല” (റോമാ 13:1). യേശുവിന്റെ മഹത്വത്തിൽ അവിടുത്തെ ഇടത്തും വലത്തും ഇരിക്കാനുള്ള അവകാശം ചോദിച്ചെത്തുന്ന സെബദീപുത്രന്മാരോട് കർത്താവ് പറഞ്ഞതും ഇക്കാര്യംതന്നെ: എന്റെ വലതുവശത്തും ഇടതുവശത്തും ഇരിക്കാനുള്ള വരം നൽകേണ്ടതു ഞാനല്ല; അത് എന്റെ പിതാവ് ആർക്കുവേണ്ടി സജ്ജമാക്കിയിരിക്കുന്നുവോ അവർക്കുവേണ്ടിയുള്ളതാണ് (മത്താ.20:23).

നേതൃത്വപ്രതിസന്ധിയെക്കുറിച്ചും നേതൃത്വത്തിലെ പിന്തുടർച്ചയെക്കുറിച്ചുമൊക്കെ ഗൗരവതരമായ ചർച്ചകൾ രാഷ്ട്രീയരംഗത്തും മാനേജ്മെന്റ് രംഗത്തും നടക്കുന്നുണ്ട്. നേതൃത്വത്തിലിരിക്കുന്നയാളിന്റെ പിരിഞ്ഞുപോകലോ പെട്ടെന്നുള്ള കടന്നുപോകലോ ഒക്കെവന്നാൽ എന്തുചെയ്യണമെന്നതിനെക്കുറിച്ച് പഠനങ്ങളും പലതരം മുന്നൊരുക്കങ്ങളുമൊക്കെ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. നേതൃസ്ഥാനത്ത് ശൂന്യത ഉണ്ടാവാതെ നോക്കാനാണ് എല്ലാ തിയറികളും ശ്രദ്ധിക്കുന്നത്. നേതൃത്വത്തിൽ ഇരിക്കുന്നവൻ നേരത്തേ തന്റെ പിൻഗാമിയെ നിശ്ചയിച്ചു പ്രവർത്തിക്കുന്നത് നല്ല രീതിയാണോ എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. പലമേഖലകളിലും കമ്പനികളിലുമൊക്കെ അങ്ങനെ ചെയ്യാറുണ്ട്. ലൗകികമേഖലകളിൽ അതു ഗുണകരമായിരിക്കാം. എന്നാൽ, ആദ്ധ്യാത്മികരംഗങ്ങളിൽ, അജപാലനരംഗങ്ങളിൽ, അതു ശരിയാണോ? നമ്മുടെ മനോഭാവങ്ങളുടെയും പെരുമാറ്റങ്ങളുടെയും മാനദണ്ഡത്തെക്കുറിച്ചോർക്കുമ്പോൾ “എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെയാവരുത്”എന്ന കർത്തൃനിർദ്ദേശം ദിശാസൂചിയായി വരണം. കാര്യങ്ങൾ ദൈവനിശ്ചയത്തിനു വിട്ടുകൊടുക്കുക എന്നുവയ്ക്കുന്നതാണു കൂടുതൽ ശരി. ഒരു നിർണ്ണായകനിമിഷത്തിൽ സന്നദ്ധരായി മുന്നോട്ടുവരാൻപാകത്തിൽ പലർ സജ്ജരായിനില്ക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുതന്നെവേണം. “ആരെയാണ് ഞാൻ അയയ്ക്കുക? ആരാണു നമുക്കുവേണ്ടി പോവുക”? എന്ന കർത്താവിന്റെ അരുളപ്പാടിന് (ഏശ. 6:8) പ്രതികരണം ഉണ്ടാവണമല്ലോ. പക്ഷേ, അപ്പോഴും “അയക്കപ്പെടുകയാണ്”എന്ന കാര്യം വിസ്മൃതിയിലാകാൻ പാടില്ല. ഒരു റോളിലുള്ളവൻ തനിക്കുപിന്നാലെ വരുന്നവനേ കർത്താവിനോടാലോചിക്കാതെ സ്വയം നിശ്ചയിച്ചാൽ അനന്തരഗാമി ഒരു“ക്ലോൺ” (clone) ആകാനാണു സാധ്യത. ദൈവജനത്തിന്റെ കാര്യമാകുമ്പോൾ, ആ ജനം ദൈവത്തിന്റേതാകുമ്പോൾ, അവരെ മുന്നോട്ടു നയിക്കാനുള്ളയാളെ കർത്താവു നിശ്ചയിക്കട്ടെ

എന്നു വിചാരിക്കുന്നതാണ് ന്യായം. "കർത്താവിന്റെ മലയിൽ അവിടുന്നു വേണ്ടതു പ്രദാനം ചെയ്യുന്നു" (ഉല്. 22:14)വെന്നു വിശ്വസിക്കാമല്ലോ.

പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്കു മനുഷ്യർ നിന്നുകൊടുക്കുമ്പോഴാണ് മംഗളവാർത്തകൾ ഉണ്ടാകുന്നത്. ചെറുതും വലുതുമായ എല്ലാ സ്ഥാനങ്ങളിലും സ്ഥലങ്ങളിലും– "ചെറുത്", "വലുത്"എന്ന വിശേഷണംതന്നെ സ്വർഗ്ഗരാജ്യത്തിന്റെ അരൂപിക്കുചേർന്നതല്ല– പിന്തുടർച്ചയെക്കുറിച്ച് ചിന്തിക്കുന്നവരും ചിന്തിക്കാൻ വിളിക്കപ്പെടാവുന്നവരുമൊക്കെയാണ് നമ്മളെല്ലാവരുംതന്നെ. ദൈവത്തിന്റെ തെരഞ്ഞെടുപ്പിന്റെ ലക്ഷ്യം പ്രവൃത്തികൾമൂലമല്ല, അവിടുത്തെ വിളിമൂലമാണു തുടർന്നുപോകേണ്ടതെന്ന് അപ്പോസ്തലൻ പറയുന്നു. "മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം" (റോമാ 9:16) എന്നത് നിതാന്തസ്മരണയ്ക്കുള്ള വിഷയമാണ്. വിവിധ സ്ഥാനങ്ങളിൽ വിവിധ സ്ഥലങ്ങളിൽ നിരന്തരം വിന്യസിക്കപ്പെടുന്ന സാഹചര്യം നിലനിർത്തിക്കൊണ്ട് സഭ എല്ലാവർക്കും പ്രവൃത്തിപരിചയത്തിനുള്ള നല്ല അവസരങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും ഓർക്കണം.

ക്യാനഡക്കാരനായ ഡോ. ലോറൻസ് ജെ. പീറ്റർ അറുപതുകളുടെ രണ്ടാംപാദത്തിൽ The Peter's Principle എന്നൊരു തിയറി, ഒരു നിരീക്ഷണം,മുന്നോട്ടുവയ്ക്കുകയുണ്ടായി. കൗതുകകരമായൊരു നിരീക്ഷണമാണിത്. വലിയ കമ്പനികളുംമറ്റും പിന്തുടരുന്ന പ്രൊമോഷൻ പോളിസികളെ വിശകലനം ചെയ്താണ് അദ്ദേഹം ഈ നിരീക്ഷണം അവതരിപ്പിക്കുന്നത്. The cream rises to the top (പാല്പ്പാട മുകളിലേയ്ക്കു ഉയരുന്നു) എന്നതിന് അദ്ദേഹം ഒരു പാഠഭേദം ചമച്ചു: The cream rises until it sours (പാല്പ്പാട പുളിക്കുന്നതുവരെ ഉയർന്നുകൊണ്ടിരിക്കുന്നു). Every employee rises in the hierarchy through promotion until it reaches the level of his incompetence (ഓരോ തൊഴിലാളിയും പ്രൊമോഷൻവഴി അധികാരശ്രേണിയുടെ മുകളിലേയ്ക്കു കയറിക്കൊണ്ടിരിക്കും, തന്റെ വൈദഗ്ദ്യമില്ലായ്മയുടെ തലത്തിൽ എത്തുംവരെ) എന്നതാണ് ഇദ്ദേഹത്തിന്റെ നിരീക്ഷണം. ഒരു പാർശ്വദർശനത്തിന് ഈ നിരീക്ഷണം ഉപകരിക്കുന്നു.

തനിക്കു കിട്ടിയ ഇരട്ടിപ്പങ്ക് പിന്നീടുള്ള ജീവിതം സുരക്ഷിതവും സുഖകരവുമാക്കാനല്ല എലിഷാ ഉപയോഗിച്ചത് എന്ന് മനസ്സിലാക്കാം. ഏലിയായിൽനിന്നു വീണുകിട്ടിയ മേലങ്കി വെള്ളത്തിലടിച്ച് ജോർദ്ദാൻ നദി കടക്കുന്ന പ്രവാചകൻ മനുഷ്യദുരിതങ്ങളുടെ മദ്ധ്യത്തിലേക്കാണ് വന്നുനില്ക്കുന്നത്. അദ്ഭുതങ്ങളുടെ പരമ്പരതന്നെ എലിഷാ നടത്തുന്നുണ്ട്. പീഡിതരുടെയും ദുഃഖിതരുടെയും ക്ഷേമമമാണ് പലതിന്റെയും പിന്നിലുള്ള വികാരം. വിധവയ്ക്കു എണ്ണ വർദ്ധിപ്പിച്ചുകൊടുത്തും ഷൂനേംകാരിയുടെ അനപത്യ ദുഃഖം മാറ്റിയും പിന്നീട് അവളുടെ മകനെ ഉയിർപ്പിച്ചും അപ്പം വർദ്ധിപ്പിച്ചുനൽകിയുമൊക്കെ പാവങ്ങളോടുള്ള പക്ഷപാതപരമായ സ്നേഹം അദ്ദേഹം പ്രകടിപ്പിച്ചു. കുടിവെള്ളം വിറ്റു ധനം സമ്പാദിച്ചതിനു തടസ്സമുണ്ടാക്കിയതിന്റേപേരിൽ പ്രവാചകനെ തല്പരകക്ഷികൾ പരിഹസിക്കുന്നകാര്യം രാജാക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദാനമായി കിട്ടിയതിനെ ദാനമായി നൽകാൻ അദ്ദേഹത്തിനു സാധിച്ചു. രോഗവിമുക്തി കിട്ടിയ നാമാൻ വിശിഷ്ടമായ സമ്മാനങ്ങൾ വച്ചുനീട്ടുമ്പോൾ അത് അദ്ദേഹം നിരസിച്ചു. കർത്താവിന്റെ പ്രവാചകനായിരിക്കുന്നതിലെ സംതൃപ്തി മാത്രമേ അദ്ദേഹത്തിനുവേണ്ടിയിരുന്നുള്ളൂ. എല്ലാമുപേക്ഷിച്ച് ഒരു വിളിയെ അനുഗമിക്കുന്ന നമുക്ക് പാത കാണിച്ചുതരുന്ന ജീവിതമാണ് എലിഷായുടേത്.

+ജോസഫ് കരിയിൽ
കൊച്ചി മെത്രാൻ